പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1614

04-12-2015 ൽ മറുപടിക്ക്

## ജൈവവൈപ്പിൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായിട്ടുള്ള പാടശേഖരങ്ങളുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ ; ഏതെല്ലാം പാടശേഖരങ്ങളാണ് ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടിരിക്കുന്നതെന്നും ഈ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന കാലാവധി ഏതെന്നും വ്യക്തമാക്കുമോ; | (എ | ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായിട്ടുള്ള 10 പദ്ധതികൾക്ക് നബാർഡിന്റെ ആർ.ഐ.ഡി.എഫ് XX സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുകയും അതിൽ 9 പ്രവൃത്തികളുടെ ടെന്റർ നടപടികൾ പൂർത്തിയാക്കി പണികൾ എല്ലാം തന്നെ നല്ല പുരോഗതിയിൽ നടപ്പിലാക്കി വരികയാണ്. തൊള്ളായിരം പാടം, പുത്തൻപാടം, തുണ്ടിപ്പാടം, കാഞ്ഞിരക്കാട് പാടം, മനയ്ക്കാട്, കോയിക്കൽ മിച്ചഭൂമി പാടം, വടക്കുംഭാഗം, കൊച്ചടപ്പ പാടശേഖരം, പൊക്കാളി പാടശേഖരം, എന്നീ പാടശേഖരങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്.<br>ഈ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നബാർഡ് നിശ്ചയിച്ചിട്ടുള്ള കാലാവധി 31-03-2018 ആണ്. | |
| (ബി) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന തോടുകളുടെ ആഴം വർദ്ധിപ്പിക്കൽ പ്രവൃത്തികളുടെ ടെന്റർ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോയെന്നും വ്യക്തമാക്കുമോ? | (ബി) | ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 36.91 കോടി രൂപയുടെ ഇനി ടെന്റർ ചെയ്യാനുള്ള ഒരു പ്രവൃത്തി തോടുകളുടെ ആഴം വർദ്ധിപ്പിക്കൽ പ്രവൃത്തിയാണ്. ടി പ്രവൃത്തി 10 റീച്ചുകളായി തിരിച്ചാണ് നടപ്പാലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ 1,9,10 റീച്ചുകളിലെ എസ്റ്റിമേറ്റ് ബഹു. എം.എൽ.എ ശ്രീ.എസ്.ശർമ്മയുടെ നിർദ്ദേശപ്രകാരം റിവൈസ് ചെയ്തുവരുന്നു. ആയതിന് നബാർഡിന്റെ ആംഗീകാരം ലഭിക്കേണ്ടതുണ്ട്. മറ്റു റീച്ചുകളിൽ പ്രവൃത്തികൾ ടെന്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. | |

സെക്ഷൻ ഓഫീസർ